പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2614 — 09.07.15 ൽ - മറുപടിക്ക്

# റേഷൻ കടകളുടെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം

**ചോദ്യം**

ശ്രീ. സണ്ണി ജോസഫ്
,, ജോസഫ് വാഴയ്ക്കൻ
,, പി.എ. മാധവൻ
,, തേറമ്പിൽ രാമകൃഷ്ണൻ

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി)

(എ) റേഷൻ കടകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(എ) റേഷൻ കടകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. റേഷൻകടകളിലെല്ലാം ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുന്നതിനും റേഷൻ കടകളിൽ നടക്കുന്ന എല്ലാ ഇടപാടുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും റേഷൻ കടകളിലെത്തുന്ന ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിന് ആധാർ അല്ലെങ്കിൽ സ്മാർട്ട് കാർഡ്/ബാർകോഡ് പോലുള്ള ബദൽ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പദ്ധതിയുടെ മോഡൽ പൈലറ്റ് തിരുവനന്തപുരം ജില്ലയിലും എറണാകുളം ജില്ലയിലും നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പൂർണ്ണതോതിൽ നടപ്പാക്കുമ്പോൾ ഓരോ ഗുണഭോക്താവിനെയും തിരിച്ചറിഞ്ഞ് അർഹമായ വിഹിതം കൃത്യമായി ലഭിക്കുന്നുണ്ട് എന്നുറപ്പു വരുത്തുവാൻ സാധിക്കും. തിരിമറി പൂർണ്ണമായും തടയാൻ സാധിക്കും. റേഷൻ കടകളിൽ ഡോർ ഡെലിവറി മുഖേന റേഷൻ സാധനങ്ങൾ എത്തിക്കും. ഓരോ ഗുണഭോക്താവിനും റേഷൻ സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ തത്സമയം തന്നെ ഉദ്യോഗസ്ഥതലത്തിലും പൊതുജനങ്ങൾക്കും വിവരങ്ങൾ ലഭ്യമാകത്തക്കവിധം ട്രാൻസ്പാരൻസി പോർട്ടൽ സജ്ജമാകും. പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കാനും പരാതിയുടെ തത്സ്ഥിതി നിരീക്ഷിക്കാനും പരാതിക്കാരനും ഉദ്യോഗസ്ഥർക്കും യഥാസമയം സാധിക്കത്തക്ക വിധം ഒരു സുതാര്യമായ പരാതി പരിഹാര സംവിധാനം നിലവിൽ വരും. ഓരോ മേഖലയിലെയും സ്റ്റോക്കിന്റെ സ്ഥിതി, വാഹനങ്ങളുടെ സഞ്ചാരം തുടങ്ങിയവ പോർട്ടലിലൂടെ

തത്സമയം അറിയുന്നതിനായി ഒരു **Decision Support System (DSS)** നിലവിൽ വരും. ഇപ്രകാരം ഓരോ കണ്ണിയും പരസ്പരം യോജിപ്പിച്ചു കൊണ്ട് സുതാര്യമായ ഒരു പൊതുവിതരണ സംവിധാനം നിലവിൽ വരും.

(സി) പ്രസ്തുത പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പദ്ധതിയുടെ പ്രവർത്തന രേഖ (**DPR Detailed Project Report)** 31.05.14 ലെ സ.ഉ (കൈ)നം18/2014/ഭ.സി.സ.വ നമ്പർ സർക്കാരുത്തരവ് പ്രകാരം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ?

(ഡി) പദ്ധതി നടപ്പാക്കുന്നതിന് വേണ്ടി വിവിധ തലങ്ങളിലുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ **State Apex Committee,** വിവിധ വിഷയങ്ങൾ പരിഗണിച്ച് സംസ്ഥാന മന്ത്രിസഭയ്ക്ക് മുമ്പാകെ വിഷയങ്ങൾ സമർപ്പിക്കുന്നു. സംസ്ഥാന ഭക്ഷ്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ **SPeMT (State Project e-Mission Team)** രൂപവൽക്കരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയിൽ ധനകകാര്യവകുപ്പ്, ഐ.ടി. വകുപ്പ്, ഐ.ടി മിഷൻ, **SeMT,** എൻ.ഐ.സി. തുടങ്ങിയവയുടെ പ്രതിനിധികൾ അംഗങ്ങളാണ്. വിവിധ വിഷയങ്ങളിൽ അപെക്സ് കമ്മിറ്റിക്ക് ശുപാർശ നൽകുന്നത് **SPeMT** യാണ്. **SPeMT** യ്ക്ക് സാങ്കേതിക വിഷയങ്ങളിൽ ശുപാർശ നൽകുന്നതിനായി സിവിൽ സപ്ലൈസ് കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ **Technical Committee** രൂപീകരിച്ചിട്ടുണ്ട്. വിവിധ സാങ്കേതിക വിഷയങ്ങളിലുള്ള ശുപാർശകൾ ടെക്നിക്കൽ കമ്മിറ്റി ചർച്ച ചെയ്ത് **SPeMT** യ്ക്ക് സമർപ്പിക്കുന്നു. ഇതു കൂടാതെ പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റും **(PIU)** ഒരു ഡാറ്റാ ബേസ് അഡ്മിനിസ്ട്രേറ്ററേയും നിയമിച്ചിട്ടുണ്ട്. സിസ്റ്റം അഡ്മിനിസ്ട്രേറ്ററെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വേൾഡ് ഫുഡ് പ്രോഗ്രാം **(WFP)** ന്റെ സാങ്കേതിക സഹായവും പ്രോജക്ടിനു ലഭ്യമാണ്.

സെക്ഷൻ ഓഫീസർ